**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 41** **26.09.2016 ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റിലെ ഫയൽനീക്കം**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി ) |
|---|---|---|
| (എ) സെക്രട്ടേറിയറ്റിൽ നിലവിലിരുന്ന ഐഡിയാസ് (Ideas) ന്റെ സേവനം അവസാനിപ്പിച്ചിട്ടുണ്ടോ; ഇപ്പോൾ ഏതു സംവിധാനമാണ് ഫയൽനീക്കം അറിയുവാനായി ഉപയോഗിക്കുന്നത്; | | ഐഡിയാസിന്റെ സേവനം സെക്രട്ടേറിയറ്റിൽ പൂർണ്ണമായും അവസാനിപ്പിച്ചിട്ടില്ല. ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറാത്ത വകുപ്പുകളിൽ തപാൽ നമ്പറിംഗിനും സന്ദർശക സഹായക കേന്ദ്രത്തിൽ പാസ് വിതരണം ചെയ്യുന്നതിനും ഐഡിയാസിന്റെ സേവനം ഉപയോഗിച്ചു വരുന്നു. |
| (ബി) പൊതുജനങ്ങളും എം.എൽ.എ.മാരും ഫയൽനീക്കം അറിയുവാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (എ) യും (ബി) യും (സി) യും | പൊതുജനങ്ങൾക്കും എം.എൽ.എ മാർക്കും ഫയലിന്റെ തൽസ്ഥിതി സംബന്ധിച്ച വിവരം ലഭിക്കുന്നതിനായി സിറ്റിസൺ ഇന്റർഫേസ് ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റിലെ http://eoffice.kerala.gov.in എന്ന യു.ആർ.എൽ മുഖാന്തിരം പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഐ.ഡി.യും പാസ് വേർഡും ഇല്ലാതെതന്നെ ഫയൽ നീക്കം സംബന്ധിച്ച വിവരം ലഭ്യമാകുന്നതാണ്. |
| (സി) എം.എൽ.എ.മാർക്ക് ഫയൽനീക്കം അറിയുവാനുള്ള സംവിധാനം ഒരുക്കുമോ; പുതിയ സോഫ്റ്റ് വെയർ സെക്രട്ടേറിയറ്റിൽ വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ ഐ.ഡി.യും പാസ് വേർഡും എം.എൽ.എ.മാർക്ക് ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ